**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1367** **10-10-2024 - ൽ മറുപടിയ്ക്ക്**

**സമഗ്രശിക്ഷാ അഭിയാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സമഗ്രശിക്ഷാ അഭിയാൻ പദ്ധതിയെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതിയുമായി ഉദ്ഗ്രഥിക്കുന്നതിന് സാധ്യതയുള്ളത് ഏതൊക്കെ മേഖലയിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയെ ഏതൊക്കെ മേഖലയിലാണ് നിലവിൽ ഇത്തരത്തിൽ ബന്ധപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതിയുടെ പ്രയോജനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | സമഗ്ര ശിക്ഷാ, സ്റ്റാർസ് എന്നീ പ്രോജക്ടുകളുടെ ഭാഗമായുള്ള ചുവടെ പറയുന്ന പ്രോഗ്രാമുകൾ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.<br><br>സ്കൂളുകളുടെ ശാക്തീകരണം - സ്കൂളുകളുടെ ഭൗതീക സൗകര്യങ്ങൾ വർധിപ്പിക്കാൻ കഴിഞ്ഞു. അഡീഷണൽ ക്ലാസ് റൂമുകൾ, ടോയ്‌ലറ്റുകൾ, യൂറിനലുകൾ, മെയിന്റനൻസ് വർക്കുകൾ തുടങ്ങിയവ പൂർത്തീകരിക്കുവാൻ കഴിഞ്ഞു.<br><br>ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്സ് - സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം തുടങ്ങിയവ വിതരണം ചെയ്തു. ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം കണ്ടെത്താനും അവരുടെ പ്രായത്തിനനുസരിച്ചുള്ള ക്ലാസുകളിൽ എത്തിക്കാനും കഴിഞ്ഞു.<br><br>സ്കൂൾ പ്രവേശനപദ്ധതി - കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു.<br><br>പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റി - എല്ലാ പഞ്ചായത്തുകളിലും പി.ഇ.സി.യും മുൻസിപ്പാലിറ്റികളിൽ എം.ഇ.സി. യും കോർപ്പറേഷനുകളിൽ സി.ഇ.സി. യും<br><br>കൃത്യമായ ഇടവേളകളിൽ കൂടിച്ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ |

പ്രവർത്തനങ്ങൾ കാര്യക്ഷമമാ ക്കുകയും ചെയ്തുവരുന്നു.

രക്ഷാകർതൃ വിദ്യാഭ്യാസം - പൊതുവിദ്യാലയങ്ങളിലെ 1 മുതൽ 12 വരെ ക്ലാസുകളിലെ രക്ഷിതാക്കൾക്കുള്ള ക്ലാസുകൾ സംഘടിപ്പിക്കുന്നു

ഗുണതാ പ്രവർത്തനങ്ങൾ – പൊതുവിദ്യാലയങ്ങൾ നടപ്പിലാക്കിയ ക്വാളിറ്റി പ്രവർത്തനങ്ങളുടെ ഫലമായി ചുവടെ പറയുന്ന നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

കുട്ടികളുടെ വായനാശീലവും സർഗ്ഗാത്മക ശേഷിയും വർദ്ധിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ വായനക്കൂട്ടങ്ങൾ രൂപീകരിക്കുകയും വായനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത് വരുന്നു. സ്കൂൾ ലൈബ്രറികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കി.

കുട്ടികളുടെ ഭാഷാശേഷികൾ വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കുട്ടികളുടെ സ്വതന്ത്രരചനയും സർഗ്ഗാത്മകത രചനയും പ്രോത്സാഹിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ശാസ്ത്രം, സാങ്കേതികവിദ്യ. എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, കല എന്നീ വിഷയങ്ങളിൽ കുട്ടികളുടെ നൂതനാശയ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞു.

വർണ്ണക്കൂടാരം പദ്ധതിപ്രകാരം ആയിരത്തിലധികം പ്രീസ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്.

കുട്ടികളുടെ ജീവിത നൈപുണി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി, പാചകം, പ്ലംബിങ്ങ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചു. പാഠഭാഗവുമായി ബന്ധിപ്പിച്ചാണ് നൈപുണി വികാസം ഉറപ്പാക്കിയത്.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ മറ്റ് കുട്ടികളോടൊപ്പം വിവിധ കായിക ഇനത്തിൽ പങ്കെടുത്ത് കായിക നൈപുണി വികസിപ്പിക്കുന്നതിന് സാധിച്ചു.

ഇംഗ്ലീഷ്, മലയാളം ഹിന്ദി എന്നീ ഭാഷകളിൽ കുട്ടികളുടെ പ്രാവീണ്യം വർദ്ധിച്ചു.

കുട്ടികളുടെ ഗണിത പഠനശേഷി പരിപോഷിപ്പിക്കുന്നതിനും പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും സാധിച്ചു.

ഗണിത പഠനം പ്രായോഗിക തലത്തിലെത്തിക്കാൻ സാധിച്ചു.

| | | | |
|---|---|---|---|
| | | | നൂതനമായ ശാസ്ത്ര-ഗണിതാശയങ്ങളുമായി ക്ലാസ്റ്റും പഠനത്തെ ബന്ധിപ്പിക്കാൻ കഴിഞ്ഞു.<br><br>ഗണിത പഠനം രസകരവും ഭയരഹിതവും പ്രവർത്തനാധിഷ്ഠിതവുമാക്കാൻ കഴിഞ്ഞു.<br><br>ഗണിത പഠനം നിത്യജീവിതവുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞു.<br><br>കുട്ടികളിൽ ശാസ്ത്ര മനോഭാവം വളർത്തുന്നതിന് കഴിഞ്ഞു.<br><br>ക്ലാസ്റ്റും അറിവുകളെ നേരനുഭവങ്ങളുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞു.<br><br>കുട്ടികളിൽ ശാസ്ത്രാവബോധവും യുക്തി ചിന്തയും വളർത്തുന്നതിനു കഴിഞ്ഞു.<br><br>പഠന പിന്തുണ ആവശ്യമുള്ള കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പി ക്കുന്നതിനു കഴിഞ്ഞു.<br><br>ഭാഷാ പഠനത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ഭാഷാശേഷിയും പഠനാഭിരുചിയും വർദ്ധിച്ചിട്ടുണ്ട്.<br><br>ഉൾച്ചേർക്കൽ വിദ്യാഭ്യാസം - പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ച്ചവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞു.<br><br>വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ:- തൊഴിൽ ഉദ്ഗ്രഥിത പഠനം, നൈപുണി വികസന പ്രവർത്തനങ്ങൾ, സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ എന്നിവ യാഥാർത്ഥ്യമാ ക്കാൻ കഴിഞ്ഞു.<br><br>പ്രീ- സ്കൂൾ പ്രവർത്തനങ്ങൾ: മാതൃകാ പ്രീസ്കൂളുകൾ ആരംഭിക്കുന്നതുൾപ്പെടെ പ്രീസ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാ ക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞു. വർണ്ണക്കൂടാരം പദ്ധതിയിലൂടെ ആയിരത്തിലധികം സ്കൂളുകളിൽ ഓരോ സ്കൂളിലും 13 ആക്ടിവിറ്റി കോർണറുകൾ ആരംഭിക്കാൻ കഴിഞ്ഞു. |
| (സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ വിശദാംശം ഇനംതിരിച്ച് ലഭ്യമാക്കുമോ; നടപ്പ സാമ്പത്തികവർഷം ലഭ്യമായ കേന്ദ്ര സഹായം എത്രയാണെന്ന് അറിയിക്കുമോ? | (സി) | സമഗ്ര ശിക്ഷാ കേരളം മുഖാന്തിരമുള്ള, സമഗ്ര ശിക്ഷാ, സ്റ്റാർസ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത് 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമായി ലഭിക്കുന്ന തുക ഉപയോഗിച്ചാണ് 2024-25 വർഷം പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ച തുകയുടെ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ ഇന്റർവെൻഷൻ തിരിച്ചുള്ള തുകയുടെ വിശദാംശങ്ങൾ |

| | | | |
|---|---|---|---|
| | | | **അനുബന്ധ**മായി ചേർക്കുന്നു. നടപ്പ് സാമ്പത്തിക വർഷം (2024-25) കേന്ദ്ര വിഹിതം ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | ഇടപെടൽ മേഖല | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പ്രാപ്യതയും തുടർച്ചയും | 1658.058 | 1105.372 | 2763.43 |
| 2 | ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്സ് | 7301.247 | 4867.498 | 12168.745 |
| 3 | ക്വാളിറ്റി ഇന്റർവെൻഷൻസ് | 16244.946 | 10829.964 | 27074.91 |
| 4 | സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ | 249.33 | 166.22 | 415.55 |
| 5 | ടീച്ചർ എഡ്യൂക്കേഷൻ | 1184.424 | 789.616 | 1974.04 |
| 6 | ടീച്ചർ സാലറി | 912.72 | 608.48 | 1521.20 |
| 7 | ജന്റർ & ഇക്വിറ്റി | 635.934 | 423.956 | 1059.89 |
| 8 | ഉൾച്ചേർക്കൽ വിദ്യാഭ്യാസം | 7274.202 | 4849.468 | 12123.67 |
| 9 | വൊക്കേഷണലൈസേഷൻ ഓഫ് എജ്യൂക്കേഷൻ | 1121.736 | 747.824 | 1869.56 |
| 10 | മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം | 139.131 | 92.754 | 231.885 |
| 11 | പ്രോഗ്രാം മാനേജ്മെന്റ് | 1799.9988 | 1199.9992 | 2999.998 |

സെക്ഷൻ ഓഫീസർ